## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2003 — 19.06.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസുകളുടെ മത്സര ഓട്ടം മൂലമുണ്ടായ അപകടങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഇക്കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | 64 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ 6 ഉം എറണാകുളം ജില്ലയിൽ 1 ഉം തൃശ്ശൂർ ജില്ലയിൽ 34 ഉം, കോഴിക്കോട് സിറ്റിയിൽ 23 ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) അവയിൽ എത്ര കേസ്സിൻമേൽ സ്വകാര്യ ബസ് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | എല്ലാ കേസ്സുകളിലും സ്വകാര്യ ബസ് ജീവനക്കാർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (സി) സ്വകാര്യ ബസുകളുടെ വേഗത നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, പ്രത്യേകമായി സംവിധാനങ്ങൾ നിലവിലുണ്ടോ ;<br>(ഡി) ഇല്ലെങ്കിൽ ഇത്തരം പുതിയ ഒരു സംവിധാനം ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (സി & ഡി) | വേഗത നിയന്ത്രിക്കുന്നതിനായി സ്വകാര്യ ബസ്സുകളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ വേഗത നിരീക്ഷിയ്ക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ഇന്റർസെപ്റ്ററുകൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ മണ്ണുത്തി – ചേർത്തല മാതൃകാ പാതയുടെ ഭാഗമായി ക്യാമറ ഉപയോഗിച്ചുള്ള നിരീക്ഷണവും നടന്നുവരുന്നു. കൈറഡാറുകൾ ഉപയോഗിച്ചും അമിത വേഗത കണ്ടുപിടിച്ച് ശിക്ഷാ നടപടികൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ